(സി) ആലപ്പുഴ ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അഭാവം നിമിത്തം മൃഗസംരക്ഷണവകുപ്പിലെ ഡോക്ടർമാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി നിയമനം നടത്തുന്നതിനുപകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുതനിയമനംമൂലം ആലപ്പുഴയിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 25-6-2009-ൽ പരീക്ഷ നടത്തുകയുണ്ടായി. 15-10-2010-ന് സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ചിട്ടില്ല.

(സി&ഡി) ഉണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സമയത്ത് പി.എസ്.സി.യിൽ നിന്നും എൻ.എ.സി. വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുകയും ചെയ്യാറുണ്ട്. പി.എസ്.സി.-യിൽ നിന്നും സ്ഥിര നിയമനം ലഭിക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർ തസ്തിക

87 (2565) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2011 മാർച്ച് 31 വരെ ഉണ്ടാകാവുന്ന ഒഴിവുകൾ കണക്കാക്കി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം എത്ര ഒഴിവുകളുണ്ടെന്നും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ അത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ മൂന്ന് ഒഴിവുകൾ ഉണ്ട്.

(ബി) ഉണ്ട്. ലീഗൽ മെട്രോളജി വകുപ്പിൽ വിവിധ തസ്തികകളിൽ നിന്ന് 31-3-2011-ൽ 12 ഉദ്യോഗസ്ഥർ വിരമിക്കുന്നുണ്ട്. ഇതിൽ 11 ഒഴിവുകൾ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടവയാണ്. ഇതിൽ ഒരു ഇൻസ്പെക്ടർ ഒരു ടൈപ്പിസ്റ്റ്, നാല് ഫുൾ ടൈം വാച്ചർ എന്നീ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി&ഡി) വിരമിക്കൽ തീയതി മാർച്ച് 31 ആയി ഏകീകരിച്ചതുമൂലം 31-3-2011-ൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട 11 ഒഴിവുകൾ ലീഗൽ മെട്രോളജി വകുപ്പിൽ ഉണ്ട്. ഇതിൽ ഇൻസ്പെക്ടർ തസ്തികയിൽ ഒന്ന്, ടൈപ്പിസ്റ്റ് തസ്തികയിൽ ഒന്ന്, ഫുൾ ടൈം വാച്ചർ തസ്തികയിൽ നാല്, എന്നീ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അഞ്ച് ഒഴിവുകളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

88 (2566) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതി എന്നു പൂർത്തിയാകുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട NH 47 ബൈപ്പാസിൽ തലക്കോട് നിന്നും മുല്ലൂർ വരെ 2 കി.മീ. ദൂരത്തിൽ പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് കണക്ടിവിറ്റിയും തിരുവനന്തപുരം-നാഗർകോവിൽ റെയിൽ പാതയിൽ ബാലരാമപുരത്ത് നിന്നും തുറമുഖവുമായി ബന്ധിപ്പിക്കുന്ന 10 കി.മീ. ദൂരം വരുന്ന റെയിൽ കണക്ടിവിറ്റിയും വെള്ളായണി കായലിൽനിന്നും ശുദ്ധജലം എത്തിക്കുന്ന പദ്ധതിയും വൈദ്യുതി ബോർഡുമായി സഹകരിച്ച് തുറമുഖത്തിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തുറമുഖ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം 2014-ൽ പൂർത്തിയാകുമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly